

ശുഹൈബ തെക്കിൽ

# LSS പരീക്ഷ

**ആർക്കൊക്കെ പങ്കെടുക്കാം?**

1. പരീക്ഷ എഴുതുന്നവർ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നാലാം ക്ലാസിൽ പഠിക്കുന്നവരും ഒന്നാം മൂല്യനിർണയത്തിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം വിഷയങ്ങളിൽ എ ഗ്രേഡ് ലഭിച്ചവരുമായിരിക്കണം.
2. പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് നൽകേണ്ടതില്ല.

**പരീക്ഷ ഇങ്ങനെ**

1. ജനുവരി 31 വരെ പഠിച്ച പാഠഭാഗങ്ങൾ ഉൾക്കൊണ്ടായിരിക്കും ചോദ്യപേപ്പർ.
2. ഓരോ കുട്ടിയും നേടേണ്ട പഠനനേട്ടങ്ങൾ, ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ എന്നിവയെ പരിഗണിച്ചായിരിക്കും ചോദ്യങ്ങൾ.
3. ചിന്താശേഷി പരിഗണിച്ച് കണ്ടെത്തേണ്ട ചോദ്യങ്ങൾക്കായിരിക്കും മുൻതൂക്കം.
4. വിശദമായി ഉത്തരം നൽകേണ്ട ചോദ്യങ്ങളും ഒറ്റ വാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങളും ഉണ്ടായിരിക്കും.
5. പരീക്ഷ നടത്തുന്നത് രണ്ടു പേപ്പറുകളായിട്ടാവും. ഒന്നാം പേപ്പർ രാവിലെ 10.15 മുതൽ 12 വരെയും രണ്ടാം പേപ്പർ ഉച്ചയ്ക്ക് 1.15 മുതൽ 3 മണി വരെയും ആയിരിക്കും. 15 മിനിറ്റ് കൂൾ ഓഫ് ടൈം ആയിരിക്കും.

**പേപ്പർ ഒന്ന്: ഇതിൽ മൂന്നു വിഭാഗങ്ങൾ ഉണ്ട്**

- പാർട്ട് എ
  ഒന്നാം ഭാഷ (മലയാളം/കന്നട, തമിഴ് )
  വിശദമായി ഉത്തരം എഴുതേണ്ട 5 മാർക്കിന്റെ 2 ചോദ്യങ്ങളും ഒറ്റ വാക്കിൽ ഉത്തരം എഴുതേണ്ട 1 മാർക്കിന്റെ 10 ചോദ്യങ്ങളും ഉണ്ടായിരിക്കും. ആകെ സ്കോർ 20.
- പാർട്ട് ബി
  ഇംഗ്ലീഷ്
  ആകെ 5 സ്കോർ വീതമുള്ള 2 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഓരോ ചോദ്യത്തിനും 3 ഉപചോദ്യങ്ങൾ ഉണ്ടായിരിക്കും. ഇതിൽ ആദ്യത്തെ രണ്ടെണ്ണം ഒരു സ്കോർ വീതമുള്ളവയും മൂന്നാമത്തേത് ഒരു വ്യവഹാര രൂപം എഴുതാനുള്ളതുമായിരിക്കും. ആകെ സ്കോർ 10
- പാർട്ട് -സി
  പൊതുവിജ്ഞാനം
  ഓരോ സ്കോറിന്റെ 10 ചോദ്യങ്ങളായിരിക്കും. ആകെ സ്കോർ 10.

മൂന്നും കൂടി ആകെ 24 ചോദ്യങ്ങൾ . മൊത്തം സ്കോർ 40 ( 20+ 10+10)

**പേപ്പർ രണ്ട്: ഇതിൽ രണ്ടു വിഭാഗങ്ങൾ ഉണ്ട്**

- പാർട്ട് എ
  പരിസരപഠനം
  പരിസരപഠനത്തിൽ 5 മാർക്കിന്റെ 2 ചോദ്യങ്ങളും ഓരോ മാർക്കിന്റെ 10 ചോദ്യങ്ങളും ഉണ്ടാകും
- പാർട്ട് ബി
  ഗണിതത്തിൽ 5 മാർക്കിന്റെ 2 ചോദ്യങ്ങളും ഓരോ മാർക്കിന്റെ 10 ചോദ്യങ്ങളും ഉണ്ടായിരിക്കും. ആകെ സ്കോർ 20

## മാതൃകാ ചോദ്യങ്ങൾ

**പേപ്പർ -1 (പാർട്ട്-എ)**
**മലയാളം**

ആകെ സ്കോർ-20

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിട്ടുണ്ട്
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. കാടുണരുന്നു എന്ന കൃതി രചിച്ചതാര്? (സ്കോർ 1)
2. നാമ്പുണരുന്നത് എന്ന പദം പിരിച്ചെഴുതുക (സ്കോർ 1)
3. വെണ്മ എന്ന പദത്തിന്റെ അർഥം എഴുതുക (സ്കോർ 1)
4. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആരാണ്? (സ്കോർ 1)
5. താഴെ കൊടുത്തിരിക്കുന്നവയിൽ നക്ഷത്രവുമായി ബന്ധപ്പെട്ട കടങ്കഥ ഏത്? (സ്കോർ 1)
   - *ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ വെള്ളിക്കിണ്ണം തുള്ളി തുള്ളി*
   - *ആന കേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി*
   - *ആകാശത്തൊരു തേങ്ങാപ്പൂള്*
   - *മുറ്റത്തെ ചെപ്പിനടപ്പില്ല*
6. കഥകളിയിലെ സ്ത്രീ വേഷം (സ്കോർ 1)
   പച്ച　　കത്തി
   കരി　　മിനുക്ക്
7. ശരിയായ ജോഡി ഏത്? (സ്കോർ 1)

| | |
|---|---|
| പുഷ്പവാടി | കുമാരനാശാൻ |
| ബാലോദ്യാനം | എസ് കെ പൊറ്റെക്കാട്ട് |
| കളിക്കളത്തിലെ മഹാപ്രതിഭകൾ | ടി സി ജോൺ |
| വയനാടൻ കഥകൾ കുട്ടികൾക്ക് | ആർ രാധാകൃഷ്ണൻ |

8. ഇന്ത്യയുടെ ദേശീയ വിനോദം ഏത്? (സ്കോർ 1)
   1. ഹോക്കി　　2 ഫുട്ബോൾ
   3. കബഡി　　4 വള്ളം കളി
9. ശരിയായ പ്രയോഗം ഏത്? (സ്കോർ 1)
   - എത്ര കാലമായി ഞാനിത് കണ്ടിട്ട്
   - എത്രയോ കാലങ്ങളായി ഞാനിത് കണ്ടില്ല
   - എത്ര കാലം ആയി ഞാനിത് കണ്ടിട്ട്
   - ഞാനിത് കണ്ടിട്ടുകൂടി കാലങ്ങൾ കഴിഞ്ഞു
10. ഇന്ത്യയുടെ പക്ഷി മനുഷ്യൻ എന്നറിയപ്പെടുന്നത് ആരാണ്? (സ്കോർ 1)
11. താഴെ നൽകിയിരിക്കുന്ന കവിത വായിക്കുക

പൂവുപോൽ പുതുമഴയൊന്നു ചാറി
പൊൻവെയിൽ മെല്ലവേ കണ്ണുചിമ്മി
പൂമേനിയാകെ കുളിരു കോരി
പൂമൈതലോടിയെൻ മുന്നിലെത്തി
പുതുമഴത്തുള്ളികളെത്തിടുമ്പോൾ
പൊടിമണ്ണിൽ പൊടിമണം
പൊങ്ങിടുന്നോ?

കവിതയ്ക്ക് ശീർഷകം നൽക്കുക (സ്കോർ 1)

കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക (സ്കോർ 2)

'മഴ' എന്ന പദത്തിനു പകരം മറ്റു രണ്ടു പദങ്ങൾ എഴുതുക (സ്കോർ 2)

12. നിങ്ങളുടെ നാട്ടിൽ ഒരു വള്ളംകളി മൽസരം നടത്താൻ തീരുമാനിച്ചു. പരിപാടിയുടെ നോട്ടീസ് തയ്യാറാക്കു (സ്കോർ 1)

വള്ളംകളി മൽസരത്തിന്റെ ദൃക്സാക്ഷി വിവരണം തയ്യാറാക്കു (സ്കോർ 2)

നിങ്ങളുടെ ഗ്രാമത്തിലെ കാഴ്ചകളെ കുറിച്ച് എഴുതു (സ്കോർ 2)

## Paper-1 (Part B)
## ENGLISH

Total Score-10

- write the answer to the questions in the space provided in the question paper
- Questions 13 to14 are included in the English section
- The score for each question is given against it.
- Answer all the questions

13. (a) Choose the correct word from the brackets and fill in the blanks

The merchant was---------- and remained sleepless for weeks. (score-1)

(angry, happy, ready, worried)

(b) Make a meaningful word from the given letters and complete the sentence

R C G T E P N I D I (score-1)

The cranes were ------ at storm

(c) Write a brief description about a tree (score-3)

14. a) Answer the riddles given below. (score-1)

a. I live in water
I have gills
I can swim
Who am I ?

b) Read the following poems and add more lines (score-3)

a. Dear seed, little seed
Are you angry with me ?
Dear seed, little seed,
Are you afraid to sprout?

----------------------------------------------------------------

-----------------

c) Rearrange words to make a meaningful sentence (score-1)

cry , man , A, crowd , the , in , heard , his

## പേപ്പർ -1 (പാർട്ട്-സി)
## പൊതുവിജ്ഞാനം

ആകെ സ്കോർ-10

- 15 മുതൽ 24 വരെ പൊതുവിജ്ഞാന ചോദ്യങ്ങളാണ്.
- ഓരോ ചോദ്യത്തിനും 1 സ്കോർ വീതം

15. ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ? (സ്കോർ-1)
 1. എം ടി വാസുദേവൻ നായർ
 2. എൻ പി മുഹമ്മദ്
 3. ഉറൂബ്
 4. വൈക്കം മുഹമ്മദ് ബഷീർ
16. മയിലുകളുടെ സംരക്ഷണത്തിനായുള്ള കേരളത്തിലെ വന്യജീവി സങ്കേതം (സ്കോർ-1)
 1. മംഗളവനം 2. തട്ടേക്കാട്
 3. നെയ്യാർ 4. ചൂലന്നൂർ
17. സന്തോഷ് ട്രോഫി ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു (സ്കോർ-1)
 1. ഫുട്ബോൾ 2. ക്രിക്കറ്റ്
 3.ഹോക്കി 4. ടെന്നിസ്
18. ഇന്ത്യയുടെ ബഹിരാകാശ തുറമുഖം? (സ്കോർ-1)
 1. തുമ്പ 2. വിശാഖ പട്ടണം
 3. ശ്രീഹരിക്കോട്ട 4. ബംഗളൂരു
19. പ്രസവിക്കുന്ന പാമ്പ് ഏത്? (സ്കോർ-1)
 1. അണലി 2. രാജവെമ്പാല
 3. ചേര 4. മൂർഖൻ
20. അന്താരാഷ്ട്ര അറബി ഭാഷാ ദിനം എന്നാണ്? (സ്കോർ-1)
21. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായുള്ള ഒരേ ഒരു ഇന്ത്യൻ സംസ്ഥാനം? (സ്കോർ-1)
22. ഏതു വിറ്റാമിന്റെ കുറവുകൊണ്ടാണ് നിശാന്ധത ഉണ്ടാവുന്നത്? (സ്കോർ-1)
23. കേരളഗാന്ധി എന്നറിയപ്പെടുന്നതാര്? (സ്കോർ-1)
24. കേരളത്തിലെ കാടില്ലാത്ത ജില്ല? (സ്കോർ-1)